**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2792** **13-02-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ തെരുവുവിളക്ക് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിലും പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പള്ളിക്കൽ, ഓയൂർ സെക്ഷനുകളിൽ സ്വീകരിച്ച് വരുന്നു |
| (ബി) | പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നേടുന്നതിനായി ഇനി എന്തെല്ലാം നടപടികൾ പൂർത്തിയാക്കാനുണ്ട് എന്ന് അറിയിക്കാമോ? | (ബി) | നിലവിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പരിപാലനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട എം.എൽ എ തന്റെ മണ്ഡലത്തിൽ "ഗ്രാമ വെളിച്ചം" പദ്ധതി നടപ്പിലാക്കുന്നതിന് Pre Stressed Concrete (PSC) പോസ്റ്റുകൾ ഉപയോഗിച്ച് തെരുവ് വിളക്ക് സ്ഥാപിച്ച് നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകണമെന്ന് നിർദ്ദേശിച്ചതിൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. വൈദ്യുതി ലൈനുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ലൈൻ നിർമ്മാണത്തിനുള്ള തുക അധികമായി വേണ്ടി വരും. നിലവിലെ നിയമപ്രകാരം ഇത്തരത്തിൽ സ്ഥാപിക്കുന്ന ലൈറ്റുകളുടെ പരിപാലനവും, വൈദ്യുതി ചാർജ് ഒടുക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിർവഹിക്കേണ്ടതാണ്. അതിനുള്ള പ്രമേയം അതത് സ്ഥാപനങ്ങൾ പാസാക്കി നൽകേണ്ടതുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ